പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2459** — **05.11.2019** ൽ മറുപടിക്ക്

തോട്ടഭൂമിയിൽ ഖനനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തോട്ടഭൂമിയിൽ ഖനനം പാടില്ലെന്ന സുപ്രീംകോടതി വിധി നടപ്പാക്കിയാൽ സംസ്ഥാനത്തെ ഒട്ടേറെ ക്വാറികൾ അടച്ചുപൂട്ടേണ്ടി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഭൂപരിഷ്കരണ നിയമ പ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കുവാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16.11.2018 തീയതിയിൽ ബഹു.ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവ് 30.09.2019 തീയതിയിലെ വിധിന്യായം പ്രകാരം ബഹു. സുപ്രീംകോടതി ശരിവച്ചു. 16.11.2018 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചതിനു ശേഷം, റവന്യൂ രേഖകളിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള Exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി പരിഗണിക്കാമെന്ന ബഹു.ഹൈക്കോടതി ഉത്തരവാണ് ഉണ്ടായിരുന്നത്. അതിനാൽ 16.11.2018 തീയതിയിലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned Land ആണോ Kerala Conservation of Paddy and Wet Land Act, 2008 ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ആയതിനാൽ, "തോട്ടം" വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തിയ ശേഷമേ സുപ്രീംകോടതി വിധി പ്രകാരം ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് പരിശോധിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (ബി) 1964- ലെ ഭൂപതിവ് ചട്ടത്തിൽ ഭേദഗതി വരുത്തി കരിങ്കൽ ഖനനത്തിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം പരിഗണനയിലാണ്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും, ലാന്റ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ